THE VILLAGE
INTERNATIONAL SCHOOL
"We Nurture Dreams"
AIM HIGH, TOGETHER WE FLY

| | | |
|---|---|---|
| LANGUAGE-2<br>GRADE- VIII | CPE-2[2022-23]<br>MALAYALAM | Max marks- 20<br>Time – 1 Hr |

| | | |
|---|---|---|
| I | താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. | 1x5 = 5 |
| | ഉണ്ണായി വാര്യർ കഥകളിയെ നാടകത്തിന്റെ സീമകളിലേക്ക് ഉയർത്തുവാനാണ് ശ്രമിച്ചത്. ആദിമദ്ധ്യാന്തങ്ങളോടു കൂടിയ ലക്ഷണയുക്തമായ ഇതിവൃത്തം, വൈവിധ്യമുള്ള കഥാപാത്രങ്ങൾ, സ്ഥായിയായ ഒരു രസം,അതിനെ യഥോചിതം പോഷിപ്പിക്കുന്ന ഇതര പോഷകരസങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു ഇതിവൃത്തം അദ്ദേഹം തിരഞ്ഞെടുത്തു. നളചരിതത്തിലെ നായികാനായകന്മാരുടെ വിശിഷ്ട ഗുണസമ്പൂർണപ്രഭാവം തന്നെ ആ കഥയ്ക്ക് ഭൂഷണമായി ഭവിച്ചു.വാര്യർ കേവലമൊരു ആട്ടക്കഥാകൃത്തു മാത്രമായിരുന്നില്ല.അനുഗൃഹീതസിദ്ധികളോടുകൂടിയ ഒരു മഹാകവിയായിരുന്നു.ലക്ഷണയുക്തമായ ഒരു ആട്ടക്കഥ എന്നതിനു പുറമേ രമണീയാർത്ഥ പ്രതിപാദകമായ ഒരു ശ്രവ്യകാവ്യമായും സഹൃദയർ നളചരിതത്തെ ബഹുമാനിക്കുന്നു. ഷേക്സ്പിയറുടെ സമുന്നതമായ കലാബോധത്തെയും ജീവിതനിരീക്ഷണപാടവത്തെയും, ശ്രീഹർഷന്റെ വൈദൂഷ്യപ്രഭാവത്തെയും കാളിദാസന്റെ പ്രകൃതി മർമ്മജ്ഞതയെയും ഒന്നുപോലെ അനുസ്മരിപ്പിക്കുന്ന പല സിദ്ധിവിശേഷങ്ങളും വാര്യരിൽ കളിയാടിയിരുന്നു. കാവ്യപരവും നാടകപരവും ആയ ആകൃതിയുടെ ശ്രേഷ്ഠത പരിഗണിച്ചാണ് ചില പണ്ഡിതന്മാർ കേരളത്തിന്റെ ശാകുന്തളം എന്ന് പ്രസ്തുത കൃതിയെ വിശേഷിപ്പിച്ചത്. | |
| 1. | നാടകത്തിന്റെ നിലവാരം പുലർത്തുന്ന ആട്ടക്കഥ ഏത്?<br>(തുള്ളൽ, കഥകളി, രാമനാട്ടം, കൃഷ്ണനാട്ടം) | |
| 2. | ആട്ടക്കഥ രചിച്ചത് ആര്?<br>(വള്ളത്തോൾ, ഉണ്ണായി വാര്യർ, കുഞ്ചൻ നമ്പ്യാർ, രാമപുരത്തു വാര്യർ) | |
| 3. | വാര്യർ കേവലമൊരു ആട്ടക്കഥാകൃത്തു മാത്രമായിരുന്നില്ല.അനുഗൃഹീതസിദ്ധികളോടുകൂടിയ ഒരു................. ആയിരുന്നു | |

| | | |
|---|---|---|
| | (നാടകനടൻ,നോവലിസ്റ്റ്, മഹാകവി, പ്രഭാഷകൻ) | |
| 4. | ലക്ഷണയുക്തമായ ആട്ടക്കഥ ഏത് ?<br>(നളചരിതം,ദുര്യോധനവധം, കല്യാണസൗഗന്ധികം, കീചകവധം) | |
| 5. | കേരളത്തിന്റെ ശാകുന്തളം എന്ന് വിശേഷിപ്പിക്കുന്ന കൃതിയേത് ?<br>(ശാകുന്തളം, കല്യാണസൗഗന്ധികം, നളചരിതം, കീചകവധം) | |
| **II** | **ബ്രാക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** | |
| 6. | 'ലോഭം - ലോപം ' അർത്ഥവ്യത്യാസം ഏത് ?<br>( തല, അത്യാഗ്രഹം, മുടി, കുറവ് ) | 1x1 = 1 |
| 7. | ഗതി ' – നാനാർത്ഥം കണ്ടെത്തിയെഴുതുക.<br>( ആഗ്രഹം, കയർ, അവസ്ഥ, പോക്ക് ) | 1x1 = 1 |
| 8. | 'ദുർഗതി' എന്ന പദത്തിൻെറ വിപരീതം എന്ത് ?<br>(സദ്ഗതി, വിദ്ഗതി, അനർഗതി, സർഗതി) | 1x1 = 1 |
| 9 | 'സ്വർഗം – പര്യായപദങ്ങൾ കണ്ടെത്തിയെഴുതുക<br>(നാകം , സ്വരലോകം, മൂലം ,ഹേതു) | 1x1 = 1 |
| 10 | ശരിയായ പദം ഏത് ?<br>(അശേഷം, അഷെഷം,അസേഷം,ആഷേഷം) | 1x1 = 1 |
| **III** | **ഏതെങ്കിലും ഒരു ചോദ്യത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** | |
| 11 | ചീർത്തൊരു ഭീതി മുഴുത്തുടങ്ങി"-<br>a. ആർക്കാണ് ഭീതി മുഴുത്തു തുടങ്ങിയത്?<br>b. എന്തുകൊണ്ടാണ് ഭീതി വന്നത് ? | 1x2 = 2 |
| 12 | കനകംമൂലംകാമിനിമൂലം എന്ന കവിത ഏതു പ്രസ്ഥാനത്തിൽ ഉൾപ്പെടുന്നു ? പാഠഭാഗം ഏത് കൃതിയിൽ നിന്നും എടുത്തതാണ് ? | |
| **IV** | **ഏതെങ്കിലും ഒരു ചോദ്യത്തിന് നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക** | 1x3 = 3 |
| 13. | അർജുനൻ സമർത്ഥനാണെന്ന് പറയുന്നതെന്തുകൊണ്ട് ? | |
| 14. | ധനമോഹം കൊണ്ടുള്ള ആപത്തുകൾ എന്തെല്ലാം? | |
| V<br>15 | നിങ്ങൾനടത്തുന്ന യാത്രയിലേക്ക് സുഹൃത്തിനെ ക്ഷണിച്ചുകൊണ്ട് കത്തെഴുതുക. | 1x5 = 5 |